ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സാമ്പത്തിക ലഭ്യതയനുസരിച്ചു മാത്രമേ ചെയ്യുവാൻ കഴിയുകയുള്ളു.

(സി) സ്വീകരിച്ചു വരുന്നുണ്ട്.

ഗതാഗതത്തിനായി തുറന്നു കൊടുത്ത പാലങ്ങൾ

* 209 [229] ശ്രീ. കെ. പി. രാമൻ:
,, പി. വി. മുഹമ്മദ്:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, സി. റ്റി. അഹമ്മദ് അലി:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഗതാഗതത്തിനായി തുറന്നുകൊടുത്ത പാലങ്ങൾ എത്ര;

(ബി) ഇവയിൽ മേജർ പാലങ്ങൾ എത്ര;

(സി) ഈ പാലങ്ങൾ പണിയുന്നതിനു എത്ര കോടി രൂപ ചിലവഴിച്ചു;

(ഡി) പണി പൂർത്തിയായിട്ടും ഗതാഗതത്തിന് തുറന്നുകൊടുക്കാത്ത എത്ര പാലങ്ങൾ സംസ്ഥാനത്തുണ്ട്;

(ഇ) അവ തുറന്നുകൊടുക്കാത്തതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) നാഷണൽ ഹൈവേ വിഭാഗത്തിൽ മാമം പാലവും സ്റ്റേറ്റ് ഹൈവേ വിഭാഗത്തിൽ ഏരൂർ-ഇടപ്പള്ളി റോഡിലുള്ള അറക്കൈടവ് പാലവുമാണ് പണി തീർന്നിട്ടും തുറന്നുകൊടുക്കാത്തത്.

(ഇ) മാമം പാലത്തിന്റെ അപ്രോച്ച് റോഡ് തീർന്നിട്ടില്ല. അറക്കൈടവ് പാലത്തിന് ടോൾ ഈടാക്കുന്നതിനെ പറ്റി ഒരു കേസ് നിലവിൽ ഉണ്ട്. ടോൾ പിരിക്കുന്നതിന് കോടതി സ്റ്റേ കൊടുത്തിട്ടുമുണ്ട് ഈ കാരണത്താലാണ് ഈ പാലങ്ങൾ തുറന്നുകൊടുക്കാത്തത്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

1985-86-ലെ ഹജ്ജ് തീർത്ഥാടനം

383. [1307] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-86-ൽ ഹജ്ജ് തീർത്ഥാടനത്തിനു വേണ്ടി അപേക്ഷിച്ചിരുന്നവർ എത്രയാണെന്നും അതിൽ എത്രപേർക്ക് അനുവാദം കൊടുത്തുവെന്നും അതിൽ എത്രപേർ പോയി എന്നും വ്യക്തമാക്കാമോ;

(ബി) അപേക്ഷകർക്ക് മുൻഗണനാക്രമം നോക്കാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1986 ആഗസ്റ്റുമാസത്തിലായിരുന്നു ഹജ്ജ്. അതിലേക്ക് 4544 പേരാണ് അപേക്ഷകരായി ഉണ്ടായിരുന്നത്. 2892 പേരാണ് ഹജ്ജിനു പോയത്.

(ബി) 70 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ള പുരുഷൻമാർക്കും അവരുടെ 60 വയസിൽ കൂടുതലുള്ള ഭാര്യമാർക്കും മുൻഗണനയുണ്ട്.

അർബർ വാട്ടർ സപ്ലൈ സ്കീം

886. [1308] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര അർബർ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്;

(ബി) മഞ്ചേരി അർബർ വാട്ടർ സപ്ലൈ സ്കീം എന്ന് പൂർത്തിയാവും;

(സി) ഇതിന് ആവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; ഇതിന് എത്ര ലക്ഷം രൂപ വേണ്ടിവരും;

(ഡി) ഇതിന് എത്ര ലക്ഷം രൂപ ചെലവഴിച്ചു?

ഉത്തരം

(എ) 13 എണ്ണം.

(ബി) ആവശ്യമായ പണം ലഭ്യമാക്കുന്നപക്ഷം 1989 ആകുമ്പോഴേക്കും സ്കീം ഭാഗികമായെങ്കിലും പൂർത്തീകരിക്കാൻ പറ്റുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംപിനും ടാങ്കിനും ഒഴികെ പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. പൊന്നുംവിലയ്ക്കെടുക്കുന്നതിനായി ഉദ്ദേശം 60 ലക്ഷം രൂപ വേണ്ടിവരും.

(ഡി) ഏകദേശം 20 ലക്ഷം രൂപ.

വണ്ടിപ്പെരിയാർ വാട്ടർ സപ്ലൈ സ്കീമിന്റെ എക്സ്റ്റൻഷൻ

887. [1312] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിലെ വണ്ടിപ്പെരിയാർ വാട്ടർ സപ്ലൈ സ്കീമിൽ നിന്നും വാളായി ലക്ഷം വീട് കോളനിയിലെ ഹരിജനങ്ങൾക്ക് ശുദ്ധജലമെത്തിക്കുന്നതിന് വേണ്ടി ആരംഭിച്ച എക്സ്റ്റൻഷൻ സ്കീം വാളായി കവലയിൽ നിർത്തിവച്ചിരിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ എക്സ്റ്റൻഷൻ വർക്ക് പൂർത്തിയാക്കി ഹരിജനങ്ങൾക്ക് ജലമെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly